**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2188** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ അമേരിക്കൻപാറ, മണിപ്പാറ എന്നീ പ്രദേശങ്ങളിൽ വന്യജീവി ആക്രമണം മൂലം നിരവധി കർഷകർക്ക് വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിലെ അമേരിക്കൻപാറ, മണിപ്പാറ എന്നീ പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലം 5 ആടുകൾക്ക് മരണം സംഭവിച്ചതായും ഒരു ആടിന് പരിക്ക് പറ്റിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണം മൂലം ദുരന്തം നേരിട്ട കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ മണ്ഡലത്തിന്റെ പരിധിയിൽ വന്യജീവി ആക്രമണം മൂലം ദുരന്തം നേരിട്ട കർഷകർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ആകെ 49.81 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (സി) | വന്യജീവി ആക്രമണം തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ? | (സി) | വന്യജീവി ആക്രമണം തടയുന്നതിന് ഇരിക്കൂർ മണ്ഡലം ഉൾപ്പെട്ട തളിപ്പറമ്പ് റെയിഞ്ചിൽ 38.94 കി.മീ സോളാർ ഫെൻസിങ്ങ് പൂർത്തീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് സംരക്ഷണ വിഭാഗം ജീവനക്കാരുടെയും വാച്ചർമാരുടെയും പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനതലത്തിൽ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ടി പദ്ധതിയിൻ കീഴിൽ ഇരിക്കൂർ മണ്ഡലത്തിലെയും പ്രശ്നബാധിത പ്രദേശങ്ങൾ ഉൾപ്പെട്ട വരുന്നതാണ്. |

സെക്ഷൻ ഓഫീസർ